(ബി) സ്നേഹസ്പർശം പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സാമൂഹ്യനീതി വകുപ്പാണ്. തിരുനെല്ലി പഞ്ചായത്തിൽ നിന്നും ടി പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷകൾ ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിൽ അർഹരായവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

മലക്കപ്പാറയിലെ ടൈബൽ ആരോഗ്യ കേന്ദ്രം

276 (643) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബൽ ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറയിലെ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വേതനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലക്കപ്പാറയിലെ ഒ.പി. ക്ലിനിക് ഉൾപ്പെടെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള അഞ്ച് ഒ.പി. ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഏകീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ജി.ഒ. (എം)എസ്.) നമ്പർ 93/2015/പജപവവിവ. തീയതി 30-11-2015). പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കേന്ദ്രത്തിൽ അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്ന സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ജനനി ജന്മരക്ഷ പദ്ധതി

277(644) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനനി ജന്മ രക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly